

*കോക്കനട്ട് ടെക്നീഷ്യൻസ് ടീമിൻെറ പരിശീലനം*

# തെങ്ങുനോക്കാൻ കരാർസംഘം

■ **ജോജി സൈമൺ**

**തെങ്ങിൻെറ പരിപാലനം പൂർണമായി കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്തു ചെയ്തു നൽകുന്ന വിദഗ്ധരുടെ സംഘം കണ്ണൂരിൽ സജീവമാകുന്നു**

'കരാർ നൽകൂ, ഇനിയെല്ലാം മറന്നേക്കൂ.' ഇവൻറ് മാനേജ്മെൻറിനു സമാനമായ സമ്പ്രദായത്തിൻെറ ഗുണങ്ങൾ കണ്ണൂർ ജില്ലയിൽ തെങ്ങുകൃഷിയിലുമെത്തുകയാണ്. സ്വന്തമായി തോട്ടമുണ്ടായിട്ടും അതു നല്ല രീതിയിൽ നോക്കി നടത്താൻ കഴിയാത്തവർക്കു വേണ്ടിയാണു കേരളത്തിലെ ആദ്യത്തെ സുസജ്ജമായ കാർഷിക ഇവന്റ് മാനേജ്മെന്റ് ടീം ജന്മമെടുക്കാൻ പോകുന്നത്.

വെള്ളക്കോളർ ജോലി മോഹിച്ചു കൃഷിയിൽനിന്നു മാറി നിൽക്കുന്നവരെ ഇത്തരം തൊഴിലിൻെറ സാമൂഹികാന്തസോടെ തെങ്ങിൻെറ പരിപാലനത്തിന് ഉപയോഗിക്കാൻ ലക്ഷ്യമിട്ടു കണ്ണൂർ കൃഷിവിജ്ഞാനകേന്ദ്രമാണു പദ്ധതി തയാറാക്കിയിരിക്കുന്നത്. കോക്കനട്ട് ടെക്നീഷ്യൻസ് ടീം എന്ന പേരിലാണു തെങ്ങുകൃഷി രംഗത്തെ പ്രഫഷനൽ ടീം വരുന്നത്. പദ്ധതിക്കു കൃഷിവകുപ്പിന്റെ അംഗീകാരം ലഭിച്ചതോടെ ഒരു മാസത്തെ പരിശീലനപരിപാടി തുടങ്ങി. സ്വന്തമായി തെങ്ങിൻതോട്ടമുണ്ടായിട്ടും വിവിധ കാരണങ്ങളാൽ അതു പരിപാലിക്കാൻ കഴിയാതെ പോകുന്നവർ ജില്ലയിൽ ധാരാളമുണ്ടെന്ന തിരിച്ചറിവാണു പദ്ധതിയിലേക്കു നയിച്ചത്. ജില്ലയിൽ നാളികേര ഉൽപാദനം വല്ലാതെ കുറയുന്നുവെന്നതും കാരണമായി.

വെറുതെ തെങ്ങുകയറ്റവും തേങ്ങയിടീലും മാത്രമല്ല, മണ്ണുപരിശോധന, തടമെടുക്കൽ, ജൈവവള ഉൽപാദനം, വളപ്രയോഗം, കീടനിയന്ത്രണം, നാളികേര വിപണനം എന്നിവയെല്ലാം ഈ ടീം ചെയ്തു കൊടുക്കും. പത്തു പേരുൾപ്പെടുന്നതാണ് ഒരു ബാച്ച്. പത്രപ്പരസ്യം കണ്ടും കൃഷി ഓഫിസുകളിൽനിന്നു കേട്ടറിഞ്ഞുമാണ് ഇവർ പരിശീലനത്തിനെത്തിയത്. ഒരു മാസമാണു പരിശീലനം. ക്ലാസെടുക്കുന്നതു കൃഷിവിജ്ഞാനകേന്ദ്രത്തിലെ വിദഗ്ധർ തന്നെ. ഇവർക്കു യൂണിഫോമും പ്രത്യേകം രൂപകൽപന ചെയ്ത വാഹനവും ആധുനിക ഉപകരണങ്ങളും നൽകും. പരിശീലനകാലത്തു ദിവസം 100 രൂപ സ്റ്റൈപെൻഡുമുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നേടിയവർ മുതൽ പന്ത്രണ്ടാം തരം കഴിഞ്ഞവർ വരെ ഇക്കൂട്ടത്തിലുണ്ട്. എല്ലാവരും 42–59 പ്രായപരിധിയിൽ പെടുന്നവർ. ഏഴു വനിതകളുള്ളപ്പോൾ പുരുഷൻമാരുടെ എണ്ണം മൂന്ന്.

ഒരു ബാച്ചിന്റെ പരിശീലനത്തിനും ടീമിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കുമായി 4.8 ലക്ഷം രൂപയുടെ പദ്ധതിക്കാണു കൃഷിവകുപ്പ് അംഗീകാരം നൽകിയിരിക്കുന്നത്. ട്രെയിനർക്കുള്ള ഓണറേറിയം, പരിശീലനത്തിലേർപ്പെടുന്നവർക്കുള്ള സ്റ്റൈപെന്റ്, വാഹനം, ഉപകരണങ്ങൾ എന്നിവയ്ക്കായാണു തുക. പദ്ധതിക്ക് അംഗീകാരം കിട്ടുംമുൻപുതന്നെ പരീക്ഷണാടിസ്ഥാനത്തിൽ ഒരു പരിശീലന പദ്ധതി കൃഷിവിജ്ഞാനകേന്ദ്രം നടത്തിയിരുന്നു. അതും സ്വന്തം ചെലവിൽ. രണ്ടു തവണയായി 14 പേർ പരിശീലനം നേടി. ടീമായിട്ടല്ലെങ്കിലും ഇവരിൽ പലരും ഇപ്പോഴും ഈ രംഗത്തു സജീവമാണ്. അന്നു പക്ഷേ, ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രായോഗിക പരിശീലനം നൽകലോ, ഇവരെ ടീമായി നിലനിർത്തലോ ഉണ്ടായില്ല. എങ്കിലും പരീക്ഷണം വിജയം കണ്ടത് ആത്മവിശ്വാസം വർധിപ്പിച്ചു.

ഇത്തവണ കൂടുതലും പ്രായോഗിക പരിശീലനമാണ്. തിരഞ്ഞെടുക്കപ്പെട്ട തെങ്ങിൻതോട്ടങ്ങളിലാണു പ്രായോഗിക പരിശീലനം. ഒപ്പം വ്യക്തിത്വ വികസനം, കസ്റ്റമർ റിലേഷൻഷിപ്പ്, അക്കൗണ്ടിങ്, ടീം വർക്ക് തുടങ്ങിയവയിലെല്ലാം പരിശീലനം നൽകും. പുതിയ ബാച്ചിനൊപ്പം 22 പേർക്കു കൂടി പരിശീലനം നൽകുന്നുണ്ട്. ഇവർ പക്ഷേ, കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ പദ്ധതിക്കു പുറത്തുള്ളവരാണ്. വാഹനമോ മറ്റു സൗകര്യമോ ഇവർക്കു നൽകുന്നില്ല. ഒരുമാസത്തെ പരിശീലനത്തിനൊടുവിൽ ടീം പ്രവർത്തനസജ്ജമാകുന്നതോടെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യും. ടീമിനു കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉപകരണങ്ങളും വാഹനവും നൽകും.

സേവനം വേണ്ട തോട്ടമുടമകൾക്കു കൃഷി വിജ്ഞാനകേന്ദ്രവുമായോ, ടീം ലീഡറുമായോ ബന്ധപ്പെടാം. തോട്ടമുടമയുമായി കരാറിലേർപ്പെട്ട ശേഷമാകും ജോലി ഏറ്റെടുക്കുക. ജോലിയുമായി ടീം ഫീൽഡിലിറങ്ങിയാലും നിരീക്ഷണവും സാങ്കേതിക ഉപദേശവുമായി കൃഷിവിജ്ഞാനകേന്ദ്രം ഒപ്പമുണ്ടാകുമെന്നു മേധാവി ഡോ. കെ. അബ്ദുൽ കരിം പറഞ്ഞു. ജില്ലയിൽ വിജയം കണ്ടാൽ കൂടുതൽ ബാച്ചുകൾ തുടങ്ങുകയും മറ്റു ജില്ലകളിലേക്കും പദ്ധതിക്കു പ്രചാരം കൊടുക്കുകയും ചെയ്യും. തെങ്ങുകൃഷിക്ക് പ്രഫഷനൽ ടച്ച് ഉണ്ടാക്കുക മാത്രമല്ല, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചു തെങ്ങുകൃഷി സാധ്യമാക്കുക, നാളികേര ഉൽപാദനം വർധിപ്പിക്കുക, തെങ്ങുകൃഷിയിൽ കൂടുതൽ പേർക്കു താൽപര്യം ജനിപ്പിക്കുക എന്നിവ കൂടി ലക്ഷ്യമിട്ടാണു പദ്ധതി.

*കൂടുതൽ വിവരങ്ങൾക്ക്: 9995020782*